## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2473

18.02.2016-ൽ മറുപടിക്ക്.

### അന്യ സംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.അജിത് | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി എത്ര ലേബർ ക്യാമ്പുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനകം എത്ര ക്യാമ്പുകൾ നിർമ്മിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ നിർമ്മിക്കുന്നതിന് ഭവനം ഫൗണ്ടേഷൻ കേരളയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് അപ്നഘർ പദ്ധതി. അന്യസംസ്ഥാന തൊഴിലാളികൾക്കു വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നൽകുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്രാ ഐ.ഐ.റ്റി.പി, കഞ്ചിക്കോടിൽ (കിൻഫ്രയിൽ നിന്നും സ്ഥലം ലീസിന് എടുത്ത്) 42,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഗ്രൗണ്ട് + 3 പാർപ്പിട സമുച്ചയം എല്ലാ സൗകര്യങ്ങളോടും കൂടി നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും 2016 മാർച്ച 31-ഓടുകൂടി ഒന്നാംഘട്ട പണി പൂർത്തിയാക്കി തൊഴിലാളികൾക്ക് താമസ സൗകര്യത്തിന് വിട്ടു നൽകുന്നതുമാണ്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരം ക്യാമ്പുകളുടെ നിർമ്മാണത്തിനായി എത്ര തുക നീക്കിവച്ചു; എത്ര തുക ചെലവഴിച്ചു; | (ബി) അപ്നഘർ പദ്ധതിയ്ക്കു വേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപയും |

അനുവദിച്ചു. 2015-16 സാമ്പത്തിക വർഷത്തിലെ 3 കോടി രൂപയുടെ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. ഇതുവരെ അനുവദിച്ച 5.5 കോടി രൂപയിൽ 3 കോടി രൂപ ചെലവായിട്ടുണ്ട്.

(സി) പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്റർ പ്രകാരം സംസ്ഥാനത്തെ അന്യദേശ തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കുമോ?

(സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്ററിലെ കണക്കുകൾ പ്രകാരം 1,34,177-ൽ പരം ഇതര സംസ്ഥാന തൊഴിലാളികൾ 2015 ഒക്ടോബർ 30 വരെ സംസ്ഥാനത്ത് എത്തിയതായി കണക്കാക്കുന്നു. എന്നാൽ 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം നാളിതുവരെ ഇതര സംസ്ഥാന തൊഴിലാളികളായ 52,422 പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. തൊഴിൽ വകുപ്പിനുവേണ്ടി 2015-ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം 25,00,000 അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്തു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

---

സെക്ഷൻ ഓഫീസർ